"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഡ്രഗ്സ് കൺട്രോൾ വകുപ്പ് - കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അധിക തസ്തികകൾ അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ(എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.372/2024/H&FWD തീയതി, തിരുവനന്തപുരം, 05-12-2024

---

പരാമർശം:- ഡ്രഗ്സ് കൺട്രോളറുടെ 17/02/2024, 25/05/2024, 13/07/2024 തീയതികളിലെ എസി.4-9945/2020/ഡിസി നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ പത്തനംതിട്ട ജില്ലയിൽ സ്ഥിതി ചെയ്യുന്ന കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ 4 സെക്ഷനുകൾ കൂടി സുഗമമായി പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഉൾപ്പെടെ എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായിട്ടുണ്ടെന്നും ടി ലാബിന്റെ പൂർണ്ണ തോതിലുള്ള പ്രവർത്തനം സാധ്യമാകുന്നതിന് തസ്തിക വിന്യാസം ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നും കാണിച്ച് കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് പരാമർശിത കത്തുകൾ പ്രകാരം ഡ്രഗ്സ് കൺട്രോളർ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിലെ കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്ക് താഴെപ്പറയുന്ന അധിക തസ്തികകൾ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ. നം | തസ്തിക | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | ചീഫ് ഗവൺമെന്റ് അനലിസ്റ്റ് | 01 | 95600-153200 |
| | | | |

| | | | |
|---|---|---|---|
| 2 | അനലിസ്റ്റ് ഗ്രേഡ്- 1 | 01 | 63700-123700 |
| 3 | അനലിസ്റ്റ് ഗ്രേഡ്- 2 | 01 | 59300-120900 |
| 4 | അനലിസ്റ്റ് ഗ്രേഡ്- 3 | 04 | 55200-115300 |
| 5 | സയന്റിഫിക് അസിസ്റ്റന്റ് | 01 | 39300-83000 |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് | 01 | 35600-75400 |
| 7 | ലോവർ ഡിവിഷൻ ടെക്നീഷ്യൻ | 03 | 26500-60700 |
| 8 | ലാബ് അറ്റൻഡർ | 02 | 23700-52600 |
| | **ആകെ** | **14** | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം.

ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരം.

ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, കാക്കനാട്, എറണാകുളം.

ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തൃശ്ശൂർ.

ഗവൺമെന്റ് അനലിസ്റ്റ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, കോന്നി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(30/11/2024 തീയതിയിലെ 827730/H&L-B1/93/2018-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).

പൊതുഭരണ (എസ്.സി) വകുപ്പ് (04/12/2024 തീയതിയിലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ ഇനം നം. 2551 പ്രകാരം).

വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ )വകുപ്പ്.

കരുതൽ ശേഖരം/ഓഫീസ് കോപ്പി(എഫ്1/50/2024- ആരോഗ്യം നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

**Signed by Vilasini K V**
**Date: 05-12-2024 14:42:13**
സെക്ഷൻ ഓഫീസർ

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 04-12-2024**

ഫയൽ നം. എഫ്1/50/2024/ആകുവ. ഇനം നം: 2551

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

# കേരള സർക്കാർ
# (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : എഫ്1/50/2024/ആകുവ |
| 2. | വകുപ്പ് | : ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ് |
| 3. | വിഷയം | : കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 03/12/2024 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ള-താണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട്<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.ഷൈജ.സി.ജി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.രാജൻ എൻ ഖോബ്രഗഡെ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 03/12/2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 03/12/2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീമതി.വീണാ ജോർജ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 03/12/2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 03/12/2024 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിലെ പത്തനംതിട്ട ജില്ലയിലെ കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. പൊതുജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെ മരുന്നുകളുടെ ഗുണനിലവാര സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 2021-ൽ പ്രവർത്തനസജ്ജമാക്കിയിട്ടുള്ള കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്ക് നാളിതുവരേയും 14 തസ്തികകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പ്രതിവർഷം 4000 സാമ്പിളുകൾ പരിശോധന നടത്തുക എന്ന ലക്ഷ്യത്തോടെ കോന്നിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ അപര്യാപ്തത നിമിത്തം ലാബിന്റെ പൂർണ്ണ തോതിലുള്ള പ്രവർത്തനം സാധ്യമായിരുന്നില്ല. നിലവിൽ ടി ലബോറട്ടറിയിൽ 3 സെക്ഷനുകൾ മാത്രമാണ് പ്രവർത്തിച്ച വരുന്നത്. 4 പുതിയ സെക്ഷനുകൾ കൂടി സുഗമമായി പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഉൾപ്പെടെ എല്ലാ സജ്ജീകരണങ്ങളും ഈ ലബോറട്ടറിയിൽ പൂർത്തിയായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ 4 സെക്ഷനുകൾ കൂടി പ്രവർത്തിപ്പിക്കുന്നതിന്, ചുവടെ ചേർക്കുന്ന പ്രകാരം തസ്തികകൾ അനുവദിക്കണമെന്ന് ശിപാർശ സഹിതം പ്രൊപ്പോസൽ ഡ്രഗ്സ് കൺട്രോളർ സമർപ്പിക്കുകയുണ്ടായി.

### സാങ്കേതിക വിഭാഗം

| ക്രമ.നം | തസ്തിക | എണ്ണം |
|---|---|---|
| 1 | ചീഫ് ഗവൺമെന്റ് അനലിസ്റ്റ് | 01 |
| 2 | അനലിസ്റ്റ് ഗ്രേഡ് I | 01 |
| 3 | അനലിസ്റ്റ് ഗ്രേഡ് II | 04 |
| 4 | അനലിസ്റ്റ് ഗ്രേഡ് III | 12 |
| 5 | സയന്റിഫിക് അസിസ്റ്റന്റ് | 01 |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് | 04 |
| 7 | ലോവർ ഡിവിഷൻ ടെക്നീഷ്യൻ | 06 |
| 8 | ലാബ് അറ്റൻഡർ | 07 |
| 9 | ഇലക്ട്രീഷ്യൻ | 01 |
| | **ആകെ** | **37** |

<u>മിനിസ്റ്റീരിയൽ വിഭാഗം</u>

| ക്രമ.നം | തസ്തിക | എണ്ണം |
|---|---|---|
| 1 | ജൂനിയർ സൂപ്രണ്ട് | 01 |
| 2 | ഹെഡ് ക്ലാർക്ക്/സ്റ്റോർ സൂപ്രണ്ട് | 01 |
| 3 | സാമ്പിൾ വാർഡൻ | 01 |
| 4 | ടൈപ്പിസ്റ്റ് | 01 |
| 5 | ക്ലാർക്ക് | 02 |
| 6 | ഡ്രൈവർ കം പ്യൂൺ | 01 |
| 7 | പാർട്ട് ടൈം സ്വീപ്പർ | 02 |
| 8 | നൈറ്റ് വാച്ചർ | 01 |
| | **ആകെ** | **10** |

3. മേൽ വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യവകുപ്പിലേയ്ക്ക് അയച്ചപ്പോൾ ധനകാര്യവകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

**'കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്തും ഡ്രഗ്സ് കൺട്രോളർ സമർപ്പിച്ച ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച താരതമ്യ പഠന റിപ്പോർട്ടിന്റെയും പുനർവിന്യാസം സാധ്യമല്ലെന്നു അറിയിച്ചിരിക്കുന്നതിന്റെയും അടിസ്ഥാനത്തിലും, സാങ്കേതിക വിഭാഗത്തിൽ ചുവടെ ചേർക്കും പ്രകാരം തസ്തികൾ സൃഷ്ടിക്കുന്നതിനു ഭരണവകുപ്പിന് അനുമതി നൽകുന്നു.**

| ക്രമ.നം | തസ്തിക | എണ്ണം |
|---|---|---|
| 1 | ചീഫ് ഗവൺമെന്റ് അനലിസ്റ്റ് | 01 |
| 2 | അനലിസ്റ്റ് ഗ്രേഡ് I | 01 |
| 3 | അനലിസ്റ്റ് ഗ്രേഡ് II | 01 |
| 4 | അനലിസ്റ്റ് ഗ്രേഡ് III | 04 |
| 5 | സയന്റിഫിക് അസിസ്റ്റന്റ് | 01 |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് | 01 |
| 7 | ലോവർ ഡിവിഷൻ ടെക്നീഷ്യൻ | 03 |
| 8 | ലാബ് അറ്റൻഡർ | 02 |
| | **ആകെ** | **14** |

**കൂടാതെ, മിനിസ്റ്റീരിയൽ വിഭാഗത്തിൽ ജൂനിയർ സൂപ്രണ്ട്/ക്ലാർക്ക് തസ്തികകൾ പുനർവിന്യാസത്തിലൂടെയും, ടൈപ്പിസ്റ്റ് ഡ്രൈവർ-കം-പ്യൂൺ/ വാച്ചർ എന്നീ തസ്തികകളിൽ അവശ്യം**

വേണ്ടുന്നവ ദിവസവേതനത്തിലോ/ കരാർ അടിസ്ഥാനത്തിലോ, പാർട്ട് ടൈം സ്വീപ്പറിനു പകരം കുടുംബശ്രീ മുഖേന കാഷ്വൽ സ്വീപ്പറിനെ നിയമിക്കുന്നത് സംബന്ധിച്ച സാധ്യത പരിശോധിക്കുവാനും ഭരണവകുപ്പിനോട് ആഭ്യർത്ഥിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.'

4. ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കു സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിലെ കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ചുവടെ ചേർക്കുന്ന 14 അധിക തസ്തികകൾ സൃഷ്ടിക്കാമോ?

| ക്രമ.നം | തസ്തിക | എണ്ണം |
|---|---|---|
| 1 | ചീഫ് ഗവൺമെന്റ് അനലിസ്റ്റ് | 01 |
| 2 | അനലിസ്റ്റ് ഗ്രേഡ് I | 01 |
| 3 | അനലിസ്റ്റ് ഗ്രേഡ് II | 01 |
| 4 | അനലിസ്റ്റ് ഗ്രേഡ് III | 04 |
| 5 | സയന്റിഫിക് അസിസ്റ്റന്റ് | 01 |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് | 01 |
| 7 | ലോവർ ഡിവിഷൻ ടെക്നീഷ്യൻ | 03 |
| 8 | ലാബ് അറ്റൻഡർ | 02 |
| | **ആകെ** | **14** |